പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1029

01.07.2015-ൽ
മറുപടിയ്ക്ക്

## സ്കോളർ സപ്പോർട്ട് പ്രോഗ്രാം

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.അൻവർ സാദത്ത്
ശ്രീ.ഡൊമനിക് പ്രസന്റേഷൻ
ശ്രീ.സി.പി.മുഹമ്മദ് :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്കോളർ സപ്പോർട്ട് പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) | ഉണ്ട്. ഈ പദ്ധതി അനുസരിച്ച് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി പരീക്ഷകളിൽ മെച്ചപ്പെട്ട പ്രകടനം നടത്തുവാൻ വേണ്ടിയുള്ള സ്പെഷ്യൽ ക്ലാസ്സുകൾ നൽകി വരുന്നു. കേരളത്തിലെ സർക്കാർ / എയ്ഡഡ് മേഖലയിലെ ആർട്സ് & സയൻസ് കോളേജിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഓരോ കോളേജിലും 50 കുട്ടികൾക്കാണ് ഈ പദ്ധതി വഴി പ്രയോജനം ലഭിക്കുന്നത്. ആദ്യവർഷ ബിരുദ വിദ്യാർത്ഥികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് ബിരുദ പ്രോഗ്രാമിന്റെ രണ്ടും മൂന്നും വർഷങ്ങളിലും പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്. |
| (ബി) | പദ്ധതിയിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) | ഓരോ കോളേജിലും കോളേജിലെ സാഹചര്യങ്ങളും ആവശ്യവും പരിഗണിച്ച് കുറഞ്ഞത് 6 വിഷയങ്ങളിലെങ്കിലും വേണ്ട സഹായം വിദ്യാർത്ഥികൾക്ക് നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സർവ്വകലാശാല തലത്തിൽ നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി പരീക്ഷകളിൽ വിദ്യാർത്ഥികൾ മോശമായ പ്രകടനം കാഴ്ച വച്ച വിഷയങ്ങൾ കണ്ടെത്തി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ പട്ടികയിൽ നിന്നും വിദ്യാർത്ഥികളുടെ താത്പര്യം കൂടി പരിഗണിച്ച് കോളേജ് തലത്തിൽ വിഷയങ്ങൾ സ്ഥാപനങ്ങൾക്ക് തെരഞ്ഞെടുക്കാം. പൊതുവായ ഒരു വിഷയം ഇംഗ്ലീഷ് ആയിരിക്കും. മറ്റ് അഞ്ച് വിഷയങ്ങൾ കോളേജ് കൗൺസിലിന്റെ സഹായത്തോടെ ബന്ധപ്പെട്ട കോളേജ് കണ്ടെത്തണം. |

| | | | |
|---|---|---|---|
| | | | അതനുസരിച്ച് പഠനത്തിന് സഹായം വേണ്ട മാർക്ക് കുറവുള്ള 50 വിദ്യാർത്ഥികളെ കണ്ടെത്തുന്നു. ഇംഗ്ലീഷിന് 10 വിദ്യാർത്ഥികളെയും മറ്റ് അഞ്ച് വിഷയങ്ങൾക്കോരോന്നിനും 8 വീതം വിദ്യാർത്ഥികളേയുമാണ് കണ്ടെത്തുന്നത്. ഇപ്രകാരം തെരഞ്ഞെടുക്കുന്ന 50 വിദ്യാർത്ഥികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഒരു വർഷം ഒരു വിഷയത്തിൽ 20 മണിക്കൂർ വീതം 6 വിഷയങ്ങൾക്ക് പരമാവധി 120 മണിക്കൂർ വരെ പദ്ധതി പ്രകാരം സഹായം നൽകാം. വിദ്യാർത്ഥികൾക്ക് വ്യക്തിപരമായ ശ്രദ്ധ ലഭിക്കുന്നതിന് ഓരോ വിഷയത്തിലും ഉള്ള കുട്ടികളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടുണ്ട്. ക്വസ്റ്റ്യൻ ബാങ്ക് വിതരണം, പൊതുവായ വിഷയങ്ങളെപ്പറ്റിയുള്ള ക്ലാസ്സുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു. സർവ്വകലാശാല പരീക്ഷ മാതൃകയിലുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കി വിശദമായ ഉത്തര സൂചികകളോടോപ്പം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു. ഇതൊക്കെയാണ് ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വിഷയങ്ങളുടെ എണ്ണത്തിൽ ചില ക്രമീകരണങ്ങൾ 2014-15 വർഷത്തിൽ വരുത്തിയിട്ടുണ്ട്. |
| (സി) | പദ്ധതി എയ്ഡഡ് കോളേജുകളിൽ കൂടി നടപ്പാക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (സി) | 2012-13 വർഷം മുതൽ ഒരു പൈലറ്റ് പദ്ധതി എന്ന രീതിയിൽ സർക്കാർ കോളേജുകളിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കിയത്. 2013-14 വർഷം 27 എയ്ഡഡ് കോളേജുകളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2014-15 വർഷം എല്ലാ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ